ശബരിമല വാർത്താക്കുറിപ്പ്
10.01.2025

മീഡിയ സെന്റർ, ഐ& പി ആർ ഡി, സന്നിധാനം

## കാനനപാത : വെർച്ചൽ ക്യൂ ബുക്ക് ചെയ്തവർക്ക് യാത്രാനിയന്ത്രണങ്ങളിൽ ഇളവ്

ജനുവരി 11 മുതൽ 14 വരെ കാനനപാത വഴിയുള്ള യാത്ര നിയന്ത്രണങ്ങളിൽ വെർച്വൽ ക്യൂ ബുക്ക് ചെയ്തവർക്ക് ഇളവ് അനുവദിക്കും.എരുമേലി മുക്കുഴി കാനനപാതയിലൂടെ വെർച്ചൽ ക്യൂ വഴി ഇതിനകം ബുക്ക് ചെയ്ത തീർത്ഥാടകരെ കടത്തിവിടും. വെർച്ചൽ ക്യൂ  ബുക്ക് ചെയ്യാത്ത ഭക്തർക്ക് ഇളവ് അനുവദിക്കില്ല. സ്പോട്ട് ബുക്കിംഗ് ഇനിയുള്ള ദിവസങ്ങളിൽ നിലക്കലിൽ മാത്രമായിരിക്കും ലഭ്യമാകുക.

## സന്നിധാനത്ത് പാമ്പിനെ പിടികൂടി

സന്നിധാനത്ത് കണ്ടെത്തിയ പാമ്പിനെ പിടികൂടി. പാണ്ടിത്താവളത്തിലേക്ക് പോകുന്ന വഴിയിലാണ് വെള്ളിയാഴ്ച ഉച്ചയോടെ പാമ്പിനെ കണ്ടത്.
വിവരമറിയിച്ചയുടൻ വനംവകുപ്പിന്റെ അംഗീകൃത സ്നേക്ക് കാച്ചേഴ്സ് ആയ ബൈജു, അഭിനേഷ് എന്നിവർ ചേർന്നാണ് പാമ്പിനെ പിടികൂടിയത്. വിഷം ഇല്ലാത്ത ഇനത്തിൽപ്പെട്ട, മരങ്ങളിൽനിന്ന് മരങ്ങളിലേക്ക് പോകുന്ന പാമ്പിനെയാണ് കണ്ടെത്തിയത്. പിടികൂടിയ പാമ്പിനെ ഉൾവനത്തിൽ വിടും.

## അയ്യനുമുന്നിൽ സോപാനസംഗീതാർച്ചനയുമായി വിനോദ് സൗപർണ്ണിക

അയ്യനുമുന്നിൽ സോപാനസംഗീതം അവതരിപ്പിച്ച് വിനോദ് സൗപർണ്ണിക. തുടർച്ചയായി അഞ്ചാം തവണയാണ് വിനോദിന്റെ സോപാനസംഗീതം മണ്ഡല-മകരവിളക്ക് കാലത്ത് ശബരിമല വലിയ നടപ്പന്തലിലെ ശാസ്താ ഓഡിറ്റോറിയത്തിൽ അരങ്ങേറുന്നത്.

പാല സ്വദേശിയായ വിനോദ്, കേരളത്തിലെ എല്ലാ പ്രമുഖ ക്ഷേത്രങ്ങളിലും സോപാനസംഗീതം അവതരിപ്പിച്ച് ശ്രദ്ധനേടിയ കലാകാരനാണ്. അയ്യപ്പന്റെയും മഹാദേവന്റെയും ദേവിയുടെയും മൂന്ന് വീതം കീർത്തനങ്ങളാണ് ഇത്തവണ സന്നിധാനത്ത് ഇടയ്ക്കകൊട്ടി ആലപിച്ചത്.

## ഭക്തിഗാനസുധയുമായി വിശ്വനാഥും ശശികുമാറും

അയ്യപ്പസന്നിധിയിൽ ഭക്തിഗാനസുധയുമായി സന്നിധാനത്തെ ചുക്കുവെള്ള വിതരണസംഘത്തിലെ ജീവനക്കാരായ വിശ്വനാഥും ശശികുമാറും. മലയാളത്തിലെ പ്രമുഖ ഭക്തിഗാനങ്ങൾ കോർത്തിണക്കിയാണ് ഇരുവരും കരോക്കേ ഭക്തിഗാന മേള അവതരിപ്പിച്ചത്. തിരുവനന്തപുരം സ്വദേശിയാണ് ശശികുമാർ. പട്ടാമ്പി സ്വദേശിയാണ് വിശ്വനാഥ്.

ശബരിമലയിൽ ശനിയാഴ്ചത്തെ (11.01.2025) ചടങ്ങുകൾ

..............

പുലർച്ചെ
3ന് നട തുറക്കൽ.. നിർമ്മാല്യം
3.05ന് അഭിഷേകം
3.30ന് ഗണപതി ഹോമം
3.30 മുതൽ 7 മണി വരെയും 8 മണി മുതൽ 11 മണി വരെയും
നെയ്യഭിഷേകം
7.30ന് ഉഷപൂജ
12ന്  കളഭാഭിഷേകം
12.30ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കൽ
3 മണിക്ക് നട തുറക്കൽ
6.30ന് ദീപാരാധന
തുടർന്ന് പുഷ്പാഭിഷേകം
9.30ന് അത്താഴ പൂജ
10.50ന് ഹരിവരാസനം
11ന് നട അടയ്ക്കൽ